പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2 28.10.2019 ലെ മറുപടിക്ക്

## ആർ.സി.ഇ.പി.കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.പി.ടി.എ റഹീം<br>ശ്രീ.എസ്.രാജേന്ദ്രൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന ഉദാരവൽക്കരണ നടപടികളുടെ ഭാഗമായ ആസിയാൻ ഉൾപ്പെടെയുള്ള വാണിജ്യ കരാറുകൾ ദീർഘകാല വിളകളായ തോട്ടവിളകളുടെ വിലയിടിവിനും കാർഷിക പ്രതിസന്ധിക്കും ഇടയാക്കിയത് പരിഹരിക്കാൻ കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള പാക്കേജുകളോ സഹായമോ സംസ്ഥാനത്തെ കാർഷിക മേഖലക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ഇല്ല |
| (ബി) ആസിയാൻ രാജ്യങ്ങൾക്ക് പുറമെ വ്യാവസായികമായി പുരോഗതി നേടിയിട്ടുള്ള ചൈന, ജപ്പാൻ, ദക്ഷിണകൊറിയ ഉൾപ്പെടെയുള്ള പതിനഞ്ച് രാജ്യങ്ങളുമായി ഇന്ത്യ പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത (ആർ.സി.ഇ.പി.) കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച ചർച്ച സംസ്ഥാനത്തെ കർഷകരെയും ക്ഷീര കർഷകരെയും ആശങ്കയിലാഴ്ത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |

| | |
|---|---|
| (സി) കൃഷിക്കും ക്ഷീരോല്പാദനത്തിനും സർക്കാർ തലത്തിൽ വളരെ സാമ്പത്തിക പ്രോത്സാഹനം നൽകുന്ന ഈ രാജ്യങ്ങളിൽ നിന്നും തീരുവരഹിതമായി കാർഷിക, ക്ഷീര ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഏല്പിക്കാനിടയുള്ള ആഘാതം കണക്കിലെടുത്ത് ആർ.സി.ഇ.പി. കരാറിൽ ഏർപ്പെടാനുള്ള നീക്കത്തിൽ നിന്ന് പിന്തിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോയെന്ന് വ്യക്തമാക്കുമോ? | (സി) 2016-ൽ തന്നെ ആർ.സി.ഇ.പി കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ, കാർഷിക, കാർഷിക അനുബന്ധ, ക്ഷീര, വ്യവസായ, മത്സ്യബന്ധന, ചെറുകിട വ്യവസായ, ആരോഗ്യ മേഖലകളിൽ സ്വതന്ത്ര വ്യാപാര കരാർ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ നേരിട്ടും അല്ലാതെയും കേന്ദ്രസർക്കാരിന് നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ചർച്ചകളൊന്നും തന്നെ നടത്താൻ കേന്ദ്രസർക്കാർ നാളിതുവരെ തയ്യാറായിട്ടില്ല.<br>കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലെ വിദഗ്ധർ, കർഷകർ, കർഷക തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ചെറുകിട വ്യവസായികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ആർ.സി.ഇ.പി കരാറിനെതിരെ 28.10.2019-ന് ഒരു കൺവെൻഷൻ തിരുവനന്തപുരത്ത് സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ